**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 127** **12-10-2026-ൽ മറുപടിയ്ക്ക്**

**ജി.എസ്.റ്റി. നടപ്പാക്കിയതുമൂലം ഉണ്ടായ മാറ്റങ്ങൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. എം. വിൻസെന്റ്

ശ്രീ. ടോണി ചമ്മണി

ശ്രീ. വി. എസ്. ജോയി

ശ്രീ. നീലകണ്ഠൻ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

**(എ)** ജി.എസ്.റ്റി. നടപ്പാക്കിയതുമൂലം സംസ്ഥാനത്തിന്റെ നികുതിഘടനയിൽ എന്തെല്ലാം മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട് എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി:** 101-ാമത് ഭരണഘടനാ ഭേദഗതി നിയമം മുഖേന 2017 ജൂലൈ 1 മുതൽ രാജ്യത്ത് ജി.എസ്.ടി. (Goods and Services Tax) സംവിധാനം നിലവിൽ വന്നു. ഭരണഘടനയിൽ Article 246A ഉൾപ്പെടുത്തി സാധനങ്ങളുടെയും സേവനങ്ങളുടെയും നികുതി സംബന്ധിച്ച് കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും സംയുക്ത അധികാരം (Concurrent Jurisdiction) നൽകി.

ജി.എസ്.ടി. നിലവിൽ വന്നതോടെ സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന VAT, Entry Tax, Luxury Tax, Central Excise Duty, Service Tax തുടങ്ങിയ പ്രധാന പരോക്ഷ നികുതികൾ ജി.എസ്.ടി. സംവിധാനത്തിലേക്ക് ലയിപ്പിക്കപ്പെട്ടു. നികുതി സംവിധാനം Origin-based മാതൃകയിൽ നിന്ന് Destination-based മാതൃകയിലേക്ക് മാറിയതോടെ, നികുതി വരുമാനം ഉൽപ്പാദന സംസ്ഥാനങ്ങൾക്ക് പകരം ഉപഭോഗ സംസ്ഥാനങ്ങൾക്ക് ലഭിക്കുന്ന രീതിയിലായി. ഇതിന്റെ ഭാഗമായി Dual GST Model (CGST + SGST/IGST) നടപ്പിലാക്കുകയും രാജ്യത്തുടനീളം നികുതി നിരക്കുകളും നടപടിക്രമങ്ങളും വലിയ തോതിൽ ഏകീകരിക്കുകയും ചെയ്തു.

അന്തർസംസ്ഥാന വ്യാപാര-വാണിജ്യ ഇടപാടുകളിൽ ബാധകമായ IGST കേന്ദ്ര സർക്കാർ ചുമത്തുകയും ശേഖരിക്കുകയും ചെയ്യുന്നു. ശേഖരിച്ച IGST, നിശ്ചിത Settlement സംവിധാനം പ്രകാരം സംസ്ഥാനങ്ങൾക്ക് വിതരണം ചെയ്യുന്നു. ഇറക്കുമതിയും (Imports) അന്തർസംസ്ഥാന ഇടപാടായി കണക്കാക്കുന്നതിനാൽ അതിനും IGST ബാധകമാണ്. ഇതിലൂടെ ദേശീയതലത്തിൽ ഏകീകൃത Input Tax Credit (ITC) ശൃംഖലയും IGST Settlement സംവിധാനവും നിലവിൽ വന്നു.

മുൻകാല നികുതി നിയമങ്ങളെ അപേക്ഷിച്ച് ജി.എസ്.ടി.യിൽ രജിസ്ട്രേഷനുള്ള ടേൺഓവർ പരിധി ഉയർത്തി. സാധനങ്ങളുടെ മാത്രം വിതരണത്തിന് ₹40 ലക്ഷവും സേവനങ്ങളുടെ വിതരണത്തിന് ₹20 ലക്ഷവുമാണ് സാധാരണ വാർഷിക ടേൺഓവർ പരിധി.

VAT സംവിധാനത്തിൽ സംസ്ഥാന നികുതി വരുമാനത്തിന്റെ പ്രധാന പങ്ക് 14.5% നിരക്കിലുള്ള സാധനങ്ങളിൽ നിന്നായിരുന്നു. ജി.എസ്.ടി.യുടെ തുടക്കത്തിൽ ഇവയിൽ പലതിനും 28% നിരക്ക്

ബാധകമായിരുന്നെങ്കിലും, ജി.എസ്.ടി. കൗൺസിലിന്റെ വിവിധ തീരുമാനങ്ങളിലൂടെ നിരക്കുകൾ 18%, 12%, 5% സ്ലാബുകളിലേക്ക് കുറച്ചു. 56-ാമത് ജി.എസ്.ടി. കൗൺസിൽ യോഗത്തിന്റെ തീരുമാനപ്രകാരം 2025 സെപ്റ്റംബർ 22 മുതൽ 12%, 28% നിരക്കുകളിലെ പല ഇനങ്ങളും യഥാക്രമം 5%, 18% സ്ലാബുകളിലേക്ക് മാറ്റുകയും ചില മോട്ടോർ വാഹനങ്ങൾക്കും ലക്ഷ്വറി/സിൻ ഉൽപ്പന്നങ്ങൾക്കും 40% നിരക്ക് ഏർപ്പെടുത്തുകയും ചെയ്തു.

ഒരേ ഉൽപ്പന്നത്തിന്മേൽ പലഘട്ടങ്ങളിലായി നികുതി ചുമത്തുന്നതുമൂലമുള്ള Cascading Effect ഒഴിവാക്കുന്നതിനായി, വ്യാപാര ആവശ്യങ്ങൾക്ക് വാങ്ങുന്ന സാധനങ്ങൾക്കും സേവനങ്ങൾക്കും അടച്ച നികുതി ITC ആയി അവകാശപ്പെട്ട് Output Tax Liability-ൽ നിന്ന് കുറയ്ക്കുന്നതിനുള്ള സംവിധാനം ജി.എസ്.ടി. നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

കേരളത്തിൽ മദ്യം (Alcohol for human consumption), Petroleum Crude, Motor Spirit (Petrol), High Speed Diesel, Aviation Turbine Fuel (ATF) തുടങ്ങിയ പെട്രോളിയം ഉൽപ്പന്നങ്ങൾ എന്നിവയ്ക്ക് ഇപ്പോഴും Kerala General Sales Tax Act, 1963 പ്രകാരമാണ് നികുതി ചുമത്തുന്നത്.

ജി.എസ്.ടി. സംവിധാനത്തിൽ, നികുതി നിരക്കുകൾ നിശ്ചയിക്കുക, നികുതി ഒഴിവാക്കുക, നിയമങ്ങളിൽ ഭേദഗതികൾ കൊണ്ടുവരിക, നടപടിക്രമങ്ങൾ നിശ്ചയിക്കുക തുടങ്ങിയ നിർണായക നയപരമായ എല്ലാ തീരുമാനങ്ങളും കൈക്കൊള്ളുവാൻ കഴിയുന്നത് കേന്ദ്ര-സംസ്ഥാന ധനകാര്യ മന്ത്രിമാർ ഉൾപ്പെടുന്ന ജി.എസ്.ടി. കൗൺസിലിൽ (GST Council) ചർച്ച ചെയ്ത ശേഷമാണ്. ഇത്തരം വിഷയങ്ങളിൽ ഒരു സംസ്ഥാനത്തിന് മാത്രമായി തീരുമാനം കൈക്കൊള്ളുവാൻ കഴിയുകയില്ല.

**(ബി)** ജി.എസ്.റ്റി. കോമ്പൻസേഷൻ വിഹിതമായി കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമായ ആകെ തുക എത്രയാണ്; ഈ ഇനത്തിൽ ഇനി തുക ലഭിക്കാനുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ജി.എസ്.ടി. നിലവിൽ വന്നപ്പോൾ ചരക്ക് സേവന നികുതി (സംസ്ഥാനങ്ങൾക്കുള്ള നഷ്ടപരിഹാരം) നിയമം, 2017 പ്രകാരം സംസ്ഥാനങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം കണക്കിലെടുത്ത് 2015-16 ലെ നികുതി വരുമാനത്തിന്റെ 14 ശതമാനം വാർഷിക വർദ്ധനവ് കണക്കിൽ അഞ്ചു വർഷത്തേക്ക് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥ ചെയ്തിരുന്നു.

Comptroller and Auditor General ഓഡിറ്റ് ചെയ്ത അന്തിമ വരുമാന കണക്കുകൾ അടിസ്ഥാനപ്പെടുത്തിയുള്ള നഷ്ടപരിഹാര തുക സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തിന് നാളിതുവരെ കോമ്പൻസേഷൻ ഇനത്തിൽ 43,785.57 കോടി രൂപ ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തിന് ലഭിച്ച ജി.എസ്.ടി നഷ്ടപരിഹാര തുകയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

ജി.എസ്.ടി കോമ്പൻസേഷൻ ആക്ട്, 2017 പ്രകാരം സംരക്ഷിത വരുമാനത്തിന്മേലുള്ള (Protected Revenue) അർഹമായ നഷ്ടപരിഹാര കാലയളവ് 2022 ജൂൺ മാസത്തോടെ അവസാനിച്ചിട്ടുള്ളതാണ്. കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ (CAG) അന്തിമ ഓഡിറ്റിന് ശേഷം മുൻവർഷങ്ങളിലെ കുടിശ്ശികയായി ലഭിക്കേണ്ടിയിരുന്ന തുകകൾ പിന്നീട് ഘട്ടങ്ങളിലായി ലഭ്യമായിട്ടുണ്ട്. ഇതുപ്രകാരം സംരക്ഷിത വരുമാനത്തിന്മേൽ സംസ്ഥാനത്തിന് അർഹതപ്പെട്ട ഈ കാലയളവിലെ ജി.എസ്.ടി. നഷ്ടപരിഹാര തുക കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചുകഴിഞ്ഞിട്ടുണ്ട്. അതിനാൽ ഈ കാലയളവിൽ ഈ ഇനത്തിൽ ഇനി തുകയൊന്നും ലഭിക്കാനില്ല.

**(സി)** നികുതി വെട്ടിപ്പ് തടയാനും കൃത്യമായി നികുതി പിരിച്ചെടുക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ജി.എസ്.ടി നികുതി വെട്ടിപ്പ് തടയുന്നതിനായി ഇന്റലിജൻസ് അധിഷ്ഠിത വിവരശേഖരണം ശക്തിപ്പെടുത്തി. BIFA GST PRIME തുടങ്ങിയ സംവിധാനങ്ങളിൽ നിന്നുള്ള വിവരങ്ങളും മറ്റ് ഇന്റലിജൻസ് ഇൻപുട്ടുകളും പൊതുജന പരാതികളും അടിസ്ഥാനമാക്കി പരിശോധനകൾ സെർച്ച് നടപടികൾ, വാഹനപരിശോധനകൾ എന്നിവ നടത്തി വരുന്നു. നികുതി വെട്ടിപ്പിന് സാധ്യത കൂടുതലുള്ള മേഖലകളിൽ പ്രത്യേക പരിശോധനകൾ സംഘടിപ്പിക്കുകയും കണ്ടെത്തുന്ന കേസുകളിൽ നിയമാനുസൃതമായി നികുതി, പലിശ, പിഴ എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

**സെക്ഷൻ ഓഫീസർ**

<u>**അനുബന്ധം**</u>

| **സാമ്പത്തിക വർഷം** | **ലഭിച്ച ജി.എസ്.ടി. നഷ്ട പരിഹാര തുക (കോടിയിൽ)** |
| --- | ---: |
| 2017-18 (ജൂലൈ മുതൽ) | 1772 |
| 2018-19 | 2884 |
| 2019-20 | 5575.04 |
| 2020-21 | 12487.38 |
| 2021-22 | 12594.86 |
| 2022-23 | 7245.97 |
| 2023-24 | 737.88 |
| 2024-25 | 66.89 |
| 2025-26 | 421.55 |
| **ആകെ** | **43785.57** |

**സെക്ഷൻ ഓഫീസർ**